(സി) ഇൻഡന്റ് നൽകുന്നതിൽ വീഴ്ച വരുത്തിയ സ്കൂൾ അധികൃതരോട് വിശദീകരണം ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ഡി) കെ.ബി.പി.എസ്സിൽ സർക്കാർ അനുവദിച്ചിട്ടുള്ള നിരക്കിൽ 21167,100 വോളിയം 1 പുസ്തകങ്ങൾ അച്ചടിച്ചിട്ടുണ്ട്. ഈ ഇനത്തിൽ പ്രിന്റിംഗ് ചാർജിനത്തിൽ 5,99,04,055 രൂപ കണക്കാക്കാം. വോളിയം 2 പാഠപുസ്തകങ്ങൾ പൂർണ്ണമായും കെ.ബി.പി.എസ്സിലാണ് അച്ചടിച്ചത്. 2015-16 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടി മെസ്സേഴ്സ് മണിപ്പാൽ ടെക്നോളജിസിനും, മെസ്സേഴ്സ് ലവ്‌ലി ഓഫ്സെറ്റ് പ്രിന്റേഴ്സിനുമാണ് നല്കിയിട്ടുള്ളത്.

മെസ്സേഴ്സ് മണിപ്പാൽ ടെക്നോളജീസ് - പ്ലസ് 1 - 373,75,949

മെസ്സേഴ്സ് മണിപ്പാൽ ടെക്നോളജീസ് - പ്ലസ് 2 - 11,43,68,251

മെസ്സേഴ്സ് ലവ് ലി ഓഫ്സെറ്റ് പ്രിന്റേഴ്സ് - പ്ലസ് 1 - 1,63,90,893

മെസ്സേഴ്സ് ലവ് ലി ഓഫ്സെറ്റ് പ്രിന്റേഴ്സ് - പ്ലസ് 2 - 2,41,01,167

പ്രസ്തുത തുകയ്ക്കാണ് അച്ചടിച്ചിട്ടുള്ളത്.

• **ഉച്ചഭക്ഷണ പരിപാടി**

85 (1162) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പരിപാടി പ്രകാരം വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ അളവിലും പ്രയോജകരായ കുട്ടികളുടെ എണ്ണത്തിലും അന്തരമുള്ളതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച വസ്തുതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് കാലാകാലങ്ങളിൽ പരിശോധിച്ച് റിപ്പോർട്ട് നല്കാൻ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ടുകൾ വിലയിരുത്തുന്നതിനുള്ള സംവിധാനമേതെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഏതാനും കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഏതാനും സ്കൂളിലെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടാത്ത കുട്ടികൾക്ക് കൂടി ഉച്ചഭക്ഷണം നൽകിയതായി ശ്രദ്ധയിൽപ്പെടുകയും ആയത് പരിശോധിച്ച് ടി ഇനത്തിൽ ചെലവഴിച്ച തുക തിരികെ ഒടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(സി) ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പ് പരിശോധിക്കുന്നതിന് ഓരോ ജില്ലയിലും ഓരോ ആൺമീൽ സൂപ്പർവൈസർമാരെയും എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലും ഓരോ ആൺമീൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്. അവർ ഓരോ മാസവും നിശ്ചിത സ്കൂളുകളിൽ പരിശോധന നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ സ്കൂൾ അധികൃതർക്ക് നൽകുന്നു. സ്കൂൾ ഉച്ചഭക്ഷണ നടത്തിപ്പ് സംബന്ധിച്ച് ഉണ്ടാകുന്ന ആക്ഷേപങ്ങൾ മേൽ ഓഫീസർമാർ പരിശോധിച്ച് റിപ്പോർട്ട് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകുന്നതും വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ തീർപ്പുകൽപ്പിക്കുന്നതുമാണ്. സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുടെ നടത്തിപ്പ് പരിശോധിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

അദ്ധ്യാപക പാക്കേജ് പദ്ധതി

86 (1163) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അദ്ധ്യാപക പാക്കേജ് നടപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനാംഗീകാരം, സംരക്ഷണം, തസ്തികനിർണ്ണയം എന്നിവ സംബന്ധിച്ച് അദ്ധ്യാപക പാക്കേജ് പ്രഖ്യാപിച്ചുകൊണ്ട് 1-10-2011-ൽ ജി.ഒ.(പി)199/11/പൊ.വി.വ നമ്പർ ഉത്തരവു

LIBRARY ARCHIVES Kerala Legislative Assembly